ഒരു നെല്ലും ഒരു മീനും പദ്ധതി

73 (4681) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പാക്കുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ നല്കും ;

(ബി) പശ്ചിമബംഗാളിൽ ചെയ്യുന്നതുപോലെ നെൽകൃഷിയും മീൻ വളർത്തലും ഒന്നിച്ച് നടത്തുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതി നടപ്പാക്കുന്ന പാടശേഖരസംഘങ്ങൾക്ക് അഡ്വാക് മുഖാന്തിരം സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നല്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇല്ല.

(സി) പരിശോധിക്കാം.

മത്സ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ

74 (4682) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
പ്രൊഫ: എ. ഡി. മുസ്തഫ :
ശ്രീ. എ. കെ. മണി :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് എത്ര പുതിയ മത്സ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ രൂപീകരിച്ചു ;

(ബി) അനർഹമായവർക്ക് ഈ സംഘങ്ങൾ വൻതുക നൽകിയതായി ആരോപണമുണ്ടായിട്ടുണ്ടോ ;

(സി) ഈ സംഘങ്ങൾ മത്സ്യഫെഡിന് വളരെയധികം കുടിശ്ശിക നൽകാനുണ്ടോ ;

(ഡി) മത്സ്യഫെഡിന്റെ മുൻചെയർമാൻമാരായ വി. ദിനകരനും വി. വി. ശശീന്ദ്രനും അംഗങ്ങളായിട്ടുള്ള സംഘങ്ങൾ 31-8-2002-ലെ കണക്ക് അനുസരിച്ച് എന്ത് തുകയുടെ കുടിശ്ശിക വരുത്തി ;

LIBRARY ARCHIVES Kerala Legislative Assembly